Mr. V. K. Aravindaksha Menon *(Chief Engineer):* I am considering that question.

BRIDGE ON CHITTUR-NATUPPUNI ROAD—WIDENING OF

164. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(a) ചിറ്റൂർ നടപ്പുണി റോഡിൽ 3/4 മൈൽ അടുത്തുള്ള പാലം നന്നെ വീതി കുറഞ്ഞതല്ലേ;

(b) ടി പാലം റോഡ് (curve) ഉള്ള സ്ഥലത്തല്ലേ;

(c) ടി പാലം കെട്ടിയതുമുതൽ എത്ര വണ്ടികൾക്കും ബസ്സുകൾക്കും ആക്സിഡൻറ്സ് പറ്റിട്ടുണ്ടു്;

(d) മേലിലെങ്കിലും ആക്സിഡൻറ്സ് പറ്റാതിരിപ്പാൻ കുറെക്കൂടി വീതിക്കൂട്ടി നിർമ്മിക്കുവാൻ ഗവണ്മെണ്ടിനു കരുണയുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ :

(a) പാലത്തിന്മേൽ റോഡിനു പൂർണ്ണമായി പത്തടി വീതിയുണ്ടു്.

(b) പാലം ഒരു തിരിവും (curve) ഇറക്കവും ഉള്ള ടിക്കിലാണു്. എന്നാൽ തിരിവു അത്ര പെട്ടെന്നുള്ളതല്ല.

(c) യാതൊരു അപകടവും സംഭവിച്ചിട്ടുള്ളതായി ഇതുവരെയും പബ്ലിക്കുപാർക്സ് ഡിപ്പാർട്ടുമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിട്ടില്ല.

(d) പാലം വീതി കൂട്ടേണ്ടതിനെപ്പറ്റി ഗവണ്മെണ്ടു് ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: പലേ അപകടങ്ങളും സംഭവിച്ചിട്ടുള്ളതായി എനിക്കറിവുണ്ടു്. അതുകൊണ്ടു് ഇതിനു കുറച്ചു വീതികൂട്ടി ഉടൻ തന്നെ ഗതാഗതത്തിനു സൌകര്യപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: പാലത്തിൽ അസൌകര്യം ഉണ്ടെന്നു ബോദ്ധ്യമായിട്ടുണ്ടു്. അതിനു വീതികൂട്ടുന്നതിനു് എസ്റ്റിമേറു തയ്യാറാക്കുന്നുണ്ടു്.

മിസ്റ്റർ വി. ജെ. മത്തായി: 6 ടൺ ആൾക്കു് ഇരിക്കാവുന്ന ഒരു ബസ്സിനു് എത്ര അടി വീതിയുണ്ടു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ആറടിയുണ്ടു്.

മിസ്റ്റർ വി. ജെ. മത്തായി: ഞാനും ഇതുപോലെയുള്ള ഒരു പാലത്തിന്റെ കാര്യം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടു്. അതു തുരുത്തിക്കര പാലമാണു്. ആ പാലത്തിന്റെ കാര്യത്തിൽ ഗവണ്മെണ്ടു് ദയവായി ഒന്നാലോചിച്ചാൽ കൊള്ളാം.

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതു വീതി കൂട്ടുവാൻ പോകുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly